പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം.

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ. T-282 | 21.06.2013- ലെ<br>മറുപടിക്ക്. |

ചതുർവേദി കമ്മിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ് ജയലാൽ :<br>ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ഇ ചന്ദ്രശേഖരൻ :<br>ശ്രീ. ഇ കെ വിജയൻ : | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച പഠനം നടത്തിയ ചതുർവേദി കമ്മിറ്റി മുമ്പാകെ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച പഠനം നടത്തിയ ചതുർവേദി കമ്മിറ്റി മുമ്പാകെ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവച്ച ആവശ്യങ്ങൾ താഴെ പറയുന്നു.<br>1. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ<br>i) തീരമേഖല, തീരദേശങ്ങളെ ആസ്പദമാക്കിയുളള ജീവനോപാധി, പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കൽ.<br>ii) മാനുഷിക വികസനത്തിനുളള പുതിയ പ്രവൃത്തികൾ. (കുടി വെളളം, വൈദ്യുതി, ശുചിത്വം മുതലായവ)<br>iii) മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>iv) കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>v) വനം മേഖല<br>vi) സേവന മേഖലകളിലെ പണികൾ തുടങ്ങിയവ കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.<br>2. പി.എം.ജി.എസ്.വൈ. പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിന് അനുയോജ്യമായ മാനദണ്ഡം പുതുക്കുക.<br>3. ജവഹർലാൽ നെഹ്റു ദേശീയ നഗര വികസന പദ്ധതി (ജെ.എൻ.യു.ആർ.എം.) നടപ്പിലാക്കുമ്പോൾ അനുമതി ലഭിക്കുന്നതിന് താമസം നേരിടുന്നതിനാൽ പദ്ധതി നിർദ്ദേശങ്ങൾക്ക് തത്വത്തിൽ അംഗീകാരം നൽകുക. |

4. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (എൻ.ആർ.എച്ച്.എം.) പദ്ധതിയിൽ വയോജനങ്ങളുടെ ആരോഗ്യം, പരിപാലനം എന്നിവ കൂടി ഉൾപ്പെടുത്തുക.
5. സർവ്വ ശിക്ഷാ അഭയാൻ പദ്ധതിയിൽ എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തുക.
6. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.) ഭവന പദ്ധതിക്ക് കേരളത്തിലെ ഭൂമി ശാസ്ത്ര പരമായ കിടപ്പിന്റെ അടിസ്ഥാനത്തിൽ ധനസഹായ തുക വർദ്ധിപ്പിക്കുക.

(ബി) ഈ കമ്മിറ്റി സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യങ്ങൾ പരിഗണിക്കാതെ പോയതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

(ബി) മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

Bijumon

സെക്ഷൻ ഓഫീസർ